# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## ദൈവം ദാനമായി തന്ന മക്കളെ വിശുദ്ധിയിൽ വളർത്തിയതിലൂടെ വിശുദ്ധരായവർ




വി. കൊച്ചുത്രേസ്യയുടെ മാതാപിതാക്കളായ ലൂയി മാർട്ടിനും സെലി ഗ്വെരിനും ഒക്ടോബർ 18ന് സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ വെച്ച് വിശുദ്ധ ഗണത്തിലേക്ക് ഉയർത്തപ്പെടുകയാണ്.

റോം, ഇറ്റലി: കൊച്ചുത്രേസ്യയുടെ മാതാപിതാക്കളായ ലൂയി മാർട്ടിനും സെലി ഗ്വെരിനും ഒക്ടോബർ 18ന് സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ വെച്ച് വിശുദ്ധ ഗണത്തിലേക്ക് ഉയർത്തപ്പെടുകയാണ്. വൻ കാര്യങ്ങൾ ചെയ്തതിലൂടെയല്ല മറിച്ച് തങ്ങൾക്ക് ദൈവം ദാനമായി തന്ന മക്കളെ വിശുദ്ധിയിൽ വളർത്തിയതിലൂടെയാണ് അവർ വിശുദ്ധരായിത്തീർന്നത്. ചരിത്രത്തിൽ ആദ്യമായി ദമ്പതികൾ ഒരുമിച്ച് വിശുദ്ധരായി പ്രഖ്യാപിക്കപ്പെടുന്ന എന്ന പ്രത്യേകത കൂടി ഇതിനുണ്ട്. 2008 ഒക്ടോബർ 19 നായിരുന്നു മാർട്ടിൻ ദമ്പതികൾ വാഴ്ത്തപ്പെട്ടവരുടെ നിരയിലേക്ക് ഉയർത്തപ്പെട്ടത്. കത്തോലിക്കാ കുടുംബങ്ങൾക്ക് മാതൃകയായി കുടുംബസിനഡിനോടനുബന്ധിച്ച് അവർ അൾത്താരയിലെ വണക്കത്തിന് തിരഞ്ഞെടുക്കപ്പെടുമ്പോൾ ലോകമെമ്പാടുമുള്ള മാതൃകാ കുടുംബങ്ങൾക്ക് അത് വലിയൊരു പ്രചോദനമാണ്.

വാഴ്ത്തപ്പെട്ടവരുടെ നിരയിൽനിന്ന് വിശുദ്ധ ഗണത്തിലേക്ക് ഉയർത്തപ്പെടുന്നതിന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ട ഒരു അത്ഭുതം അത്യാവശ്യമാണ്. ലൂയി മാർട്ടിൻസെലി ഗ്വെരിൻ ദമ്പതികളെ വിശുദ്ധ നിരയിൽ ചേർക്കുവാൻ സ്വീകരിക്കപ്പെട്ട ആ അത്ഭുതത്തെക്കുറിച്ച്... 2008 ൽ സ്പെയിനിൽ കാർമൻസാന്തോസ് ദമ്പതികളുടെ കുഞ്ഞായിട്ടായിരുന്നു കുഞ്ഞു കാർമെന്റെ ജനനം. അവൾ ജനിച്ചത് മാസം തികയാതെ ആറാം മാസത്തിലാണ്. തലച്ചോറിലെ രക്തസ്രാവവും അണുബാധയും മൂലം കുഞ്ഞിന്റെ ജീവൻ മരണത്തോളം അപകടത്തിലായിരുന്നു. ഡോക്ടർമാരുടെ പ്രതീക്ഷപോലും അസ്തമിച്ച സമയം. കുഞ്ഞിന്റെ മരണത്തിനായി മാതാപിതാക്കളെ ഒരുക്കുവാൻ ഡോക്ടർമാർ തീരുമാനിച്ചു. 35 ദിവസത്തോളം കുഞ്ഞിനെ കാണുവാൻ പോലും അവരെ അനുവദിച്ചില്ല. അത്രയേറെ ശക്തമായിരുന്നു അണുബാധ. കാർമൻസാന്തോസ് ദമ്പതികൾ വിശ്വാസികളായിരുന്നതിനാൽ അവർ ശക്തമായ പ്രാർത്ഥന ആരംഭിച്ചു. ആവിലായിലെ വിശുദ്ധ അമ്മത്രേസ്യയുടെ ജന്മദിനത്തിലായിരുന്നു അവളുടെ ജനനം. അതുകൊണ്ട് അടുത്തുള്ള ഒരു കർമ്മലീത്ത മഠം

അവർ കണ്ടെത്തി പ്രാർത്ഥന ചോദിച്ചു. ഗൂഗിളിൽ തിരഞ്ഞ് സ്പെയിനിലെ സേറ വലേൻസിയ പ്രൊവിൻസിൽ അവർ ഒരു കർമ്മലീത്ത ഭവനം കണ്ടെത്തിയത് അത്ഭുതങ്ങളുടെ തുടക്കമായിരുന്നു. ആ മഠത്തിലെ സന്യാസികളുടെ അഭ്യർത്ഥനപ്രകാരം അടുത്ത ഞായറാഴ്ച കുർബാനകൾ കുഞ്ഞു കാർമനുവേണ്ടി കാഴ്ചവച്ചു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഈ സിസ്റ്റേഴ്സിന്റെ നിർദേശപ്രകാരം കുഞ്ഞിന്റെ ജീവിതം കൊച്ചുത്രേസ്യയുടെ മാതാപിതാക്കളായ ലൂയി മാർട്ടിൻസെലി ഗ്വെരിൻ ദമ്പതികളുടെ പ്രത്യേക മാധ്യസ്ഥത്തിനായി അവർ സമർപ്പിച്ചു.

ഒമ്പതു മക്കൾക്ക് ജന്മ നൽകിയ മാർട്ടിൻ ദമ്പതികളുടെ നാലു കുഞ്ഞുങ്ങൾ ചെറുപ്പത്തിൽ മരണമടഞ്ഞിരുന്നു. ബാക്കി അഞ്ചുപേരും സന്യാസവസ്ത്രം സ്വീകരിച്ചു. അവരിലൊരാൾ, കൊച്ചുത്രേസ്യ സഭ കണ്ട ഏറ്റവും വലിയ വിശുദ്ധരിൽ ഒരാളായി. മറ്റൊരു മകളായ ലെയോണിയുടെ നാമകരണനടപടികൾ പുരോഗമിക്കുന്നു. അവരുടെ പത്താമത്തെ കുഞ്ഞായി സ്വർഗ്ഗത്തിലിരുന്ന് അവർ സ്വീകരിച്ച കുഞ്ഞായി കാർമെനെ ഭക്തരായ ഈ മാതാപിതാക്കൾ കണ്ടു. ഇക്കാര്യങ്ങൾ കാർമൻസാന്തോസ് ദമ്പതികളെ കൂടുതൽ സ്വാധീനിച്ചു. സന്യാസികൾ ഇക്കാര്യങ്ങൾ വിശദീകരിച്ച് നൽകുകയും ചെയ്തു. കുഞ്ഞു കാർമെൻ ജനിക്കുന്നതിന് നാലുദിവസം മുമ്പായിരുന്നു കൊച്ചുത്രേസ്യയുടെ മാതാപിതാക്കൾ വാഴ്ത്തപ്പെട്ടവരുടെ നിരയിലേക്കുയർത്തപ്പെട്ടത്. എന്നതും അവരെ സ്വാധീനിച്ച ഘടകമായി. ആശ്രമത്തിലെ മദർ അവരോട് ഈ ദമ്പതികളുടെ പ്രത്യേക മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുവാൻ കൂടെക്കൂടെ ആവശ്യപ്പെടുകയും ചെയ്തു. അവരോട് മാധ്യസ്ഥ്യം യാചിക്കുവാൻ തുടങ്ങിയ രാത്രിയിൽതന്നെ കുഞ്ഞിന്റെ സ്ഥിതിയിൽ മാറ്റം കണ്ടുതുടങ്ങി. അടുത്തദിവസം മറ്റൊരു ആശുപത്രിയിലേക്ക് മാറ്റപ്പെട്ട കാർമൻ വലിയ പുരോഗതി കാട്ടി. ഉപകരണങ്ങളുടെ സഹായത്തോടെയുള്ള ശ്വാസഛ്വാസം ഉപേക്ഷിച്ചു. കുഞ്ഞ് തനിയെ ശ്വാസമെടുക്കുവാൻ തുടങ്ങി. മൂന്നാം ദിവസം ഇന്റൻസീവ് കെയർ യൂണിറ്റിൽനിന്ന് പുറത്തേക്ക്.

2009 ജനുവരി 2ന് അവൾ ആശുപത്രിയിൽ നിന്ന് വീട്ടിലെത്തി. അന്ന് കൊച്ചുത്രേസ്യയുടെ ജന്മദിനമായിരുന്നെന്നതും അത്ഭുതം. ഇപ്പോൾ കാർമെന് ഏഴു വയസ്സായി. യാതൊരു ആരോഗ്യപ്രശ്നങ്ങളുമില്ലാത്ത കുഞ്ഞ്. പതിനഞ്ച് ദിവസങ്ങൾ കഴിഞ്ഞ് ലൂയി മാർട്ടിന്റെയും സെലി ഗ്വെരിന്റെയും തിരുശേഷിപ്പുകൾ സ്പെയിനിലെ ലെറീദയിലെത്തിയിരുന്നു. കർമ്മലീത്ത സന്യാസികളുടെ വാക്കുകൾ കേട്ട് അവർ തിരുശേഷിപ്പ് സന്ദർശിക്കുവാനും പോയി. അവിടെവച്ചാണ് മാർട്ടിൻ ദമ്പതികളുടെ നാമകരണ നടപടികൾക്ക് നേതൃത്വം നൽകുന്ന വൈദികനെ കാണുന്നതും ഈ അത്ഭുതത്തെക്കുറിച്ച് സംസാരിക്കുന്നതും. 2009 നവംബർ മാസത്തിൽ ഈ അത്ഭുതത്തിന്റെ ആധികാരികതയെ അംഗീകരിച്ച് വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. 2015 മാർച്ചിലാണ് ഡോക്ടർമാരുടെയും ദൈവശാസ്ത്രജ്ഞരുടെയും പാനൽ ഈ അത്ഭുതത്തെ ആധികാരികമായി സ്ഥിരീകരിച്ചത്. സുഹൃത്തുക്കളോടും ബന്ധുക്കളോടുമൊപ്പം കാർമനും കുടുംബവും മാർട്ടിൻ ദമ്പതികളുടെ നാമകരണ ചടങ്ങുകളിൽ പങ്കെടുക്കുന്നുണ്ട്.